# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 201** **18-03-2015-ലെ മറുപടിയ്ക്ക്**

## കേന്ദ്ര ലോട്ടറി നിയമം

**ചോദ്യം**

**ശ്രീമതി. കെ.കെ. ലതിക**
**ശ്രീമതി. പി. അയിഷാ പോറ്റി**
**ശ്രീ. സി.കെ.സദാശിവൻ**
**ശ്രീ. എസ്. രാജേന്ദ്രൻ**

(എ) സംസ്ഥാനത്ത് ലോട്ടറി മാഫിയകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കേന്ദ്ര ലോട്ടറി നിയമം തടസ്സമാകുന്നുണ്ടോ ;

(ബി) എങ്കിൽ കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ;

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) & (ബി) നിലവിൽ സംസ്ഥാന സർക്കാരിന്റെ ലോട്ടറി മാത്രമാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നത്. അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിനകത്ത് പ്രവർത്തിക്കുന്നത് നിർത്തലാക്കുകയും ഓൺലൈൻ ലോട്ടറിയ്ക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലോട്ടറി (റഗുലേഷൻ) ആക്ട് 1998, സെക്ഷൻ 5 പ്രകാരം സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികളെ നിരോധിക്കുന്നതിന് ആ സംസ്ഥാനത്തിന് അധികാരമുണ്ട്. എന്നാൽ ബി.ആർ.എന്റർപ്രൈസ് Vs. സ്റ്റേറ്റ് ഓഫ് യു.പി എന്ന കേസ്സിൽ ബഹു. സുപ്രീംകോടതിയുടെ ഉത്തരവിൻ പ്രകാരം, ഒരു സംസ്ഥാനം അതിന്റെ ലോട്ടറിയ്ക്ക് ഉൾപ്പെടെ നിരോധനം ഏർപ്പെടുത്തുന്നപക്ഷം മാത്രമേ ആ സംസ്ഥാനത്തിന് കേന്ദ്ര ലോട്ടറി നിയമത്തിലെ സെക്ഷൻ 5 പ്രകാരമുള്ള അധികാരം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

അന്യ സംസ്ഥാന ലോട്ടറി മാഫിയകളെ പൂർണ്ണമായും നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ലോട്ടറി മാഫിയകളുടെ നിയമലംഘനങ്ങൾ തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്നതരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| **(സി)** ഇക്കാര്യത്തിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ ; | **(സി)** കേന്ദ്ര ലോട്ടറി (റെഗുലേഷൻ) ആക്ട് 1998-ൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന കേരള സർക്കാരിന്റെ ആവശ്യം പരിശോധിച്ചു വരികയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| **(ഡി)** ഈയിടെ വന്ന സുപ്രീം കോടതി വിധി കേരളത്തിൽ അന്യ സംസ്ഥാന ലോട്ടറി ചൂതാട്ടം തിരിച്ചുവരാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ ; | **(ഡി) & (ഇ)** ഇല്ല. കേരള സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C) 15222/07-ൽ എതിർ കക്ഷികൾ ലോട്ടറി രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കുന്നപക്ഷം കേരള പേപ്പർ |

**(ഇ)** കോടതി വിധിയിന്മേൽ റിവ്യൂ ഹർജ്ജി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

ലോട്ടറിയിന്മേലുള്ള നികുതി ആക്ട്, 2005 പ്രകാരം ആയത് പരിശോധിക്കണമെന്നും പരിശോധനകൾക്ക് ശേഷം ലോട്ടറി രജിസ്ട്രേഷൻ നൽകുന്നതിന് തീരുമാനിക്കുന്ന പക്ഷം നിയമപ്രകാരമുള്ള മുൻകൂർ നികുതി സ്വീകരിക്കണമെന്നും ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത വിധി അന്യസംസ്ഥാന ലോട്ടറി തിരിച്ചുവരാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടില്ല.

**(എഫ്)** ഓൺലൈൻ ലോട്ടറി എല്ലാ സംസ്ഥാനങ്ങളിലും ആരംഭിക്കാൻ കഴിയും വിധത്തിൽ കേന്ദ്ര സർക്കാർ ലോട്ടറി ചട്ടം കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**(ജി)** കേരള ഗാംബ്ലിംഗ് ആക്ട് ഭേദഗതി ചെയ്ത് ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് നിരോധിച്ചതുപോലെ രാജ്യത്താകെ ഓൺലൈൻ ലോട്ടറി നിരോധിക്കാൻ കേന്ദ്ര ചട്ടം ഭേദഗതി ചെയ്യാൻ സമ്മർദ്ദം ചെലുത്തുമോ ?

**(എഫ്) & (ജി)** ഉണ്ട്. 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമം സെക്ഷൻ 2 സബ് സെക്ഷൻ (1)-ന് അനുബന്ധമായി 2010 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാർ നടത്തിയ ചട്ട നിർമ്മാണം ഫലത്തിൽ പേപ്പർ / ഓൺലൈൻ ലോട്ടറി വിഭജനം ഇല്ലാതാക്കിയിട്ടുണ്ട്. ലോട്ടറി (റഗുലേഷൻ) റൂൾസ്, 2010-ലെ റൂൾ 2 (1) (b), റൂൾ 2(1) (e) റൂൾ 3-ലെ സബ് റൂൾസ് (1), (5), (14), (19) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓൺലൈൻ ലോട്ടറി എന്ന പരാമർശം ഒഴിവാക്കണമെന്ന് (Delete) ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.